**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 697** **06-12-2022 - ൽ മറുപടിയ്ക്ക്**

**ഖാദി -കൈത്തറി മേഖലകളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലകളായ ഖാദി -കൈത്തറി മേഖലകൾ തകർച്ചയെ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത മേഖലകളുടെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടു കൂടിയ വില്പനശാലകൾ ആരംഭിക്കൽ, നിലവിലുള്ള ഷോറൂമുകളുടെ നവീകരണം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾവഴിയുള്ള പരസ്യപ്രചാരണം കൂടാതെ ഉത്സവകാല സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പ്രത്യേകം വില്പന മേളകളും നടത്തിവരുന്നുണ്ട്. ഖാദി മേഖല സംംരക്ഷിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും, പൊതുമേഖല/ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്നുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് ഖാദി തുണികളിൽ ഡിസൈനിംഗ നടത്തി വരുന്നു. ഖാദി കസ്റ്റമേഴ്സ് മീറ്റിംഗ്, ആരോഗ്യ പ്രവർത്തകർക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഡോക്ടേഴ്സ്-നേഴ്സസ് കോട്ട് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം |

ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനവും നടപ്പിലാക്കിവരുന്നു. വിപണിയിൽ എം.ബി.എ യോഗ്യതയുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കിവരുന്നു.

ഖാദി മേഖലയുടെ സമസ്ത വികസനത്തിന് ഉതകുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഐ.ഐ.റ്റി, ചെന്നൈയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കൈത്തറി** മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് കൈത്തറിമേഖലയെ ശക്തിപ്പെടുത്തു ന്നതിനായി ആധുനികവത്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ വർക്ക്ഷെഡ് നവീകരണം, വ്യക്തിഗത വർക്ക് ഷെഡ് നവീകരണം, ഡൈഹൗസ് നവീകരണം, ഒരു വീട്ടിൽ ഒരു തറി, ടെക്നോളജി അപ്ഗ്രഡേഷൻ ആൻറ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി, തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ, റസ്റ്റ്റൂം/ ടോയ്‌ലറ്റ് എന്നിവയുടെ നവീകരണം എന്നിവയ്ക്ക് ധനസഹായം നൽകി വരുന്നു.

കേരള കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി മേളകളും വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ കാലങ്ങളിൽ ജില്ലാതല, സംസ്ഥാനതല എക്സിബിഷനുകളും റിബേറ്റോടു കൂടി സംഘടിപ്പിക്കുന്നുണ്ട്.

കൈത്തറി മേഖലയിൽ യുവതിയുവാക്കളെ ആകർഷിക്കുന്നതിലേയ്ക്കായി യുവവീവ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 18 നും 40 നും മധ്യേ പ്രായമുള്ള കൈത്തറിമേഖലയിൽ താൽപര്യമുള്ള തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് 3 മാസം സ്റ്റൈപ്പെന്റോടുകൂടി പരിശീലനം നൽകി നെയ്ത്തുകാരാക്കി മാറ്റുന്നു. കുടുംബശ്രീ മിഷൻ വഴി തെരഞ്ഞെടുക്കുന്ന ഇവർക്ക് പരിശീലനം നൽകിയശേഷം ഓരോരുത്തർക്കും തറികൾ സൗജന്യമായി നൽകി സ്വയം പര്യാപ്തതയുള്ള നെയ്ത്തുകാരാക്കി മാറ്റുന്നു.

| | | | |
|---|---|---|---|
| | | | സി.റ്റി.എഫ് പദ്ധതി പ്രകാരം നെയ്ത്ത് തൊഴിലാളികൾ അവരുടെ വേതനത്തിന്റെ 8% തുക സി.റ്റി.എഫ് വിഹിതമായി ക്ഷേമനിധി ബോർഡിൽ നിക്ഷേപിക്കേണ്ടതും മേൽപ്പടി തുകയ്ക്ക് ആനുപാതികമായി 8% തുക സർക്കാർ വിഹിതമായി നൽകി വരുന്നു. ഇതിലൂടെ നെയ്ത്തുകാർക്കുള്ള സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നു.<br><br>പ്രൊഡക്ഷൻ ഇൻസെൻറീവ് എന്ന പദ്ധതിയിലൂടെ കൈത്തറി നെയ്യുന്ന തൊഴിലാളികളിൽ അവർ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികവേതനം നൽകി പ്രോൽസാഹനം നൽകുന്നു. അതിലൂടെ കൈത്തറി ഉൽപന്നങ്ങളുടെ ഉൽപ്പാദന ക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ലക്ഷ്യം. |
| (സി) | പുതുതായി എന്തെല്ലാം പദ്ധതികളാണ് ഖാദി -കൈത്തറി മേഖലകളെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഖാദി തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിന് ഉല്പാദനവും വരുമാനവും വർധിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധി പ്പിക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>(1) ഖാദിമേഖലയിൽ ഉപയോഗിക്കുന്ന തൊഴില്പ പകരണങ്ങൾ നവീകരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>(2) തൊഴില്പകരണങ്ങളുടെ നവീകരണവും യന്ത്രവത്കരണവും സൗരോർജ ഉപയോഗവും സംബന്ധിച്ച വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബോർഡ് തല കമ്മിറ്റിയെ ചുമതലപ്പെടുത്തിട്ടുണ്ട്.<br><br>**കൈത്തറി** മേഖലയെ സംരക്ഷിക്കുന്നതിനായി 5 അംഗ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ടി സമിതിയുടെ നിർദേശാനുസരണം പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ഡി) | ഖാദി കൈത്തറി വസ്തുങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഡി) | എല്ലാ സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും, പൊതുമേഖല / സഹകരണ സ്ഥാപനങ്ങാകളിലെ ജീവനക്കാരും ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രം ധരിക്കണമെന്ന സർക്കാർ നിർദ്ദേശം ഫലപ്രദമായി നടത്തിവരുന്നു. കൂടാതെ സമൂഹത്തിൽ യൂണിഫോം ഉപയോഗിക്കുന്ന വിവിധ മേഖലകളിലേർപ്പെട്ടവരെ-ആരോഗ്യ |

| | | | |
|---|---|---|---|
| | | | പ്രവർത്തകർ, മറ്റു തൊഴിൽ മേഖലയിലുള്ളവരും, ട്രേഡ് യൂണിയനിൽ പ്രവർത്തിക്കുന്നവരും അവരവരുടെ യൂണിഫോമുകളിൽ ഖാദി കൂടി ഉപയോഗിക്കണമെന്ന് വ്യാപകമായി പ്രചാരണം നടത്തിവരുന്നു. യുവജനങ്ങളെയും ഈ ഖാദി മേഖലയിലേക്ക് ആകർഷിക്കുന്നതിനായി വൈവിധ്യമാർന്ന ഡിസൈനുകളിലുള്ള വസ്ത്രങ്ങൾ തയ്യാറാക്കുന്നുണ്ട്. ഡോക്ടർമാരും മറ്റ് ആരോഗ്യപ്രവർത്തകരും ഖാദികോട്ട് ഉപയോഗി ക്കണമെന്ന് നിർദ്ദേശിച്ച് കേരള ഗവൺമെന്റ് ഓർഡർ നൽകിയിട്ടുണ്ട്. ഖാദി ഉല്പന്നങ്ങൾ ഖാദി ബോർഡിൽനിന്നും ടെന്ററില്ലാതെ ഒരു വർഷത്തേക്ക് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.<br><br>**കൈത്തറി** വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കൈത്തറി മേളകളും ഓണം, വിഷു, ക്രിസ്തുമസ് ഉത്സവകാലങ്ങളിൽ എക്സിബിഷനുകളും റിബേറ്റോടു കൂടി സംഘടിപ്പിക്കുന്നു. കൈത്തറി വസ്ത്രങ്ങളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് യാൺ ബാങ്കുകൾ, ഹാൻടെക്സ്, ഹാൻവീവ് എന്നിവ വഴി ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളായ നൂൽ, ചായങ്ങൾ, രാസപദാർത്ഥങ്ങൾ എന്നിവയ്ക്ക് സബ്സിഡി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ